**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**03 APRIL 2020**

**09 SHABAAN 1441 AH**

# THE SIGNS OF ALLAH (Part 4)
# അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ (ഭാഗം -4)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ (ഭാഗം -4)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

## കൊറോണ വൈറസ് / കോവിഡ്-19 (മഹാമാരി)

കഴിഞ്ഞ നൂറ്റാണ്ടിൽ വാഗ്ദത്തമസീഹ് ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ)ന് അനുകൂലമായി അവതരിച്ച അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ഒന്നായ പ്ലേഗ് സംബന്ധിച്ച ദൃഷ്ടാന്തം പോലെ തന്നെ, അല്ലാഹുവിന്റെ ദൂതൻ എന്ന നിലയിലും, ഈ നൂറ്റാണ്ടിലെ വിശ്വാസപുനരുത്ഥാരകൻ എന്ന നിലയിലും എന്റെ സത്യസാക്ഷ്യം ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുകയുണ്ടായി.

"Our Teaching" (നമ്മുടെ അധ്യാപനങ്ങൾ) എന്ന ഗ്രന്ഥത്തിൽ, ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ) ഇപ്രകാരം എഴുതിയിരിക്കുന്നു. അല്ലാഹുവിൽ നിന്നുള്ള കല്പനയോടല്ലാതെ, ഭൂമിയിൽ ഒരു ദുരന്തവും (വിപത്തും) സംഭവിക്കുന്നില്ല; അതുപോലെ തന്നെ അല്ലാഹുവിൽ നിന്നും ദയ കൊണ്ടല്ലാതെ ആ വിപത്തുകളെ ദൂരീകരിയ്ക്കാനും സാധ്യമല്ല.

കൊറോണ വൈറസ്, എന്ന മഹാമാരിയെപറ്റി പറയുമ്പോൾ, ഇത് തീർച്ചയായും ദൈവത്തിൽ നിന്നുള്ള ഗൗരവമായ ഒരു താക്കീതാണ്-ശത്രുതയിൽ കടിച്ചുതൂങ്ങിക്കിടക്കുന്ന ഓരോ മനുഷ്യസമൂഹത്തിനുമുള്ള താക്കീത് ആണ്. കാരണം ദൈവം മാനവസമൂഹത്തിന്, സമൂഹത്തിൽ മുന്നിട്ടുകാണുന്ന അധാർമ്മിക കൃത്യങ്ങളെല്ലാം സസൂക്ഷ്മം ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇൻശാ അല്ലാഹ് കൊറോണ

വൈറസിനെ പ്രാർത്ഥനയിലൂടെ ഉന്മൂലനം വരുത്തുവാൻ സാധിക്കുന്നതാണ്.

2020 മാർച്ച് 24 ചൊവ്വാഴ്ച സുഹർ നമസ്ക്കാരനാന്തരം മുസല്ലയിൽ തന്നെയിരുന്ന് ദുആയിൽ മുഴുകിയിരുന്ന വേളയിൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ, മാരകവൈറസ് ആയ കൊറോണ സംബന്ധമായി എനിക്ക് അല്ലാഹുവിൽ നിന്നും വെളിപാട് ലഭിക്കുകയുണ്ടായി. അതിപ്രകാരമായിരുന്നു.

"ദുഷ്പ്രവൃത്തികളും (പാപങ്ങളും) അതിക്രമങ്ങളും സമൂഹത്തിൽ നിന്നും ഇല്ലാതാക്കാതെ, കൊറൊണാ/കോവിഡ്-19 മഹാമാരി സമൂഹത്തിൽ നിന്നും ഇല്ലാതാവുകയില്ല. പാപങ്ങളാലും ദുഷ്പ്രവൃത്തികളാലും സൂര്യന്റെ ശോഭ നഷ്ടപ്പെട്ടിരിക്കുന്നു. ഭയപ്പെടുത്തുന്നതിനും, താക്കീതു നല്കുന്നതിനും വേണ്ടിയാണ് ഭൂമിയിൽ ഈ മഹാമാരി ആരംഭിച്ചത്."

കൊറൊണ വൈറസ്/കോവിഡ്-19 എന്ന മഹാമാരി ഒരു വലിയ അടയാളമാകുന്നു. അതിനെ ലാഘവപ്പെടുത്തിക്കാണുകയോ, ദൈവീക ദൃഷ്ടാന്തങ്ങൾക്കു നേർ പുറംതിരിയുകയോ അരുത്. അതെ! തീർച്ചയായും നിങ്ങൾ കൊറൊണ വൈറസ് പകർന്നുകിട്ടാതിരിക്കുന്നതിനായി അധികൃതരുടെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുകയും, മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. എങ്കിലും ദൈവം എന്തു വിധിച്ചിരിക്കുന്നുവോ, അതിനെ മാറ്റിമറിക്കുവാൻ ഒരാൾക്കും സാധ്യമല്ല തന്നെ. ഇത് സർവ്വശക്തനായ ദൈവമാകുന്നു, അല്ലാതെ തോന്നുന്നത് തോന്നുംപടി ചെയ്യാൻ കഴിവുള്ള ഏതെങ്കിലുമൊരു സൃഷ്ടിജാലമല്ല. വൈദ്യശാസ്ത്രം നിർദ്ദേശിക്കുന്ന മരുന്നുകൾ സ്വീകരിക്കുന്നതിനോ, ഖുർആനും തിരുസുന്നത്തും പിന്താങ്ങുന്ന മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനോ നിങ്ങളെ ആരും വിലക്കിയിട്ടില്ല. പക്ഷേ മരുന്നുകളേയും മറ്റു മുൻകരുതൽ നടപടികളേയും മാത്രം പൂർണ്ണമായി ആശ്രയിക്കുന്നതിൽ നിന്നും നിങ്ങളെ വിലക്കിയിരിക്കുന്നു. കാരണം ആത്യന്തികമായി ദൈവേച്ഛയാണ് പ്രകടമാകുന്നത്. ആർക്കെങ്കിലും കഴിയുമെങ്കിൽ അവർ ദൈവത്തിൽ വിശ്വസിയ്ക്കട്ടെ. കാരണം, ദൈവവിശ്വാസത്തിനു മാത്രമാണ് ഉറപ്പായ ഗാരന്റിയുള്ളത്. വെറും വിശ്വാസമല്ല അത്. ആത്മാർത്ഥത കൂടി ചേർന്ന് ആത്മാർത്ഥ വിശ്വാസം.

ലോകമെമ്പാടും അടച്ചുപൂട്ടലിലാണ്. (Lock Down)ഓഫീസുകൾ, സ്കൂളുകൾ പ്രീപ്രൈമറി, പ്രൈമറി, സെക്കണ്ടറി, യൂണിവേഴ്സിറ്റി,

വൊക്കേഷണൽ സ്ഥാപനങ്ങൾ മുതലായവ) കടകൾ, ചന്തകൾ, സൂപ്പർമാർക്കറ്റുകൾ തുടങ്ങിയവ എല്ലാം അടച്ചിട്ടിരിക്കുന്നു. (മൗറിഷ്യസിൽ 2020 ഏപ്രിൽ 2 മുതൽ കടുത്ത നിയന്ത്രണങ്ങളോടെ, തുറന്നു പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു. ആയതിനാൽ എല്ലാവരും നിർബന്ധമായും അവരവരുടെ വീടുകളിൽ തന്നെ തുടരണം-നമ്മളെ പോലുള്ള മറ്റു മനുഷ്യരുമായി സമ്പർക്കം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനു വേണ്ടി മറ്റു മനുഷ്യരുമായി സമ്പർക്കം പുലർത്തുമ്പോൾ അതീവ ശ്രദ്ധ പുലർത്തണം നാം. കാരണം അവർ പകർച്ച വ്യാധി വാഹകരോ, രോഗിയോ ആണെങ്കിൽ നമുക്കും അത് പകർന്നുകിട്ടാം. ആയതിനാൽ നിങ്ങൾ സ്രഷ്ടാവിലേക്കു തിരിയണം. പ്രപഞ്ച സ്രഷ്ടാവായ ദൈവവുമായി സമ്പർക്കത്തിലാകുന്നത് ഏറ്റവും നല്ലതത്രേ. പ്രപഞ്ച സ്രഷ്ടാവുമായി സമ്പർക്കത്തിലായാൽ ഈ മാരക വൈറസിന് നിങ്ങളെ ആക്രമിയ്ക്കുവാൻ സാധിക്കുകയേയില്ല. അല്ലാഹു അതിനെ നിസ്സഹായകനാക്കുകയും, പുറം വാതിൽ വഴി പായിക്കുകയും ചെയ്യും. ഇൻശാ അല്ലാഹ്.

**കോവിഡ്-19 മഹാമാരി** മനുഷ്യന് നിർബന്ധപൂർവ്വം പിടിച്ചു കെട്ടുവാനോ, അതിനെ അപ്രത്യക്ഷമാക്കുവാനോ മനുഷ്യന് സാധിക്കുകയില്ല. അത്തരം ഒരു ശത്രുവിനെ ഒറ്റയ്ക്കു തുരത്തുവാനുള്ള കഴിവും അവനില്ല (മനുഷ്യനില്ല). സർവ്വശക്തനായ അല്ലാഹു ഈ ദൈവീക സന്ദേശം എല്ലാവരിലും എത്തിയ്ക്കുന്നതിനായി എനിയ്ക്കു വെളുപ്പെടുത്തി തന്നിരിക്കുന്നു. ദൈവം എന്നോട് പറഞ്ഞത് ഇപ്രകാരമാണ്.

ദൈവം പറയുന്നു; ഈ ശത്രുവിനെതിരിൽ എന്നോട് കരഞ്ഞ് പ്രാർത്ഥിക്കുക. എന്റെ പരിപൂർണ്ണമായ ശക്തികൊണ്ടു മാത്രമേ അതിനെ തുരത്തുവാൻ സാധിക്കുകയുള്ളു. എന്റെ ദാസാ! അങ്ങനെയാണ് എന്റെ നിയമക്രമം.

അവന്റെ (അതിന്റെ) ശത്രുതയ്ക്ക് മുമ്പിൽ നിങ്ങൾ നിസ്സഹായകരാണെങ്കിലും,നിങ്ങൾ ഒരിയ്ക്കലും അതുമായി സമരസപ്പെട്ടു പോകാതെ, കൂടുതൽ പ്രയത്നിക്കുകയും, പരിശ്രമങ്ങൾ നടത്തുകയും ചെയ്യുക. എപ്പോഴും അതിനെതിരെ പോരാടുക, നിങ്ങളുടെ കഴിവിന്റെ പരമാവധി അതിനെതിരെ പോരാടുക തന്നെ ചെയ്യുക. എന്റെ(ദൈവത്തിന്റെ) സഹായത്തിനായി, വിനയത്തോടെ കേണപേക്ഷിക്കുകയും ചെയ്യുക. ആത്മാർത്ഥമായ ഹൃദയത്തോടെ നിങ്ങൾ എന്റെ സഹായത്തിനായി യാചിക്കുമ്പോൾ, ഞാൻ (ദൈവം) എന്റെ

ശക്തികൊണ്ട് നിങ്ങളുടെ കരങ്ങളെ ബലപ്പെടുത്തും. അങ്ങനെ ബലപ്പെട്ട നിങ്ങളുടെ കരങ്ങളാൽ, നിങ്ങൾ ആ ശത്രുവിനെ തുരത്തിയോടിക്കും. അതിനെ നിങ്ങളുടെ വരുതിയിലാക്കുകയും, അതിന്റെ തലയറുത്ത് കളയുകയും ചെയ്യും. നിങ്ങൾ അങ്ങനെ ചെയ്യുന്നത് എന്റെ ശക്തികൊണ്ടും, ആത്മാർത്ഥതയാകുന്ന വാളുപയോഗിച്ചുമായിരിക്കും. വാസ്തവത്തിൽ നിങ്ങളല്ല അതിനെ കൊല്ലുന്നത്, മറിച്ച് ഞാനാണ്.

"നിങ്ങൾക്ക് പറയുവാൻ സാധിക്കും; എന്റെ നാഥാ! ഞാനല്ല ഇത് ചെയ്തത്. ഇത്രയും ശക്തനായ ഒരു ശത്രുവിനെ നേരിടാനുള്ള കരുത്തും തന്റേടവും എനിയ്ക്കെവിടെ നിന്നു കിട്ടി? ഉണക്കക്കച്ചിത്തുരുമ്പിനെക്കാൾ ബലഹീനനും, വൈകല്യം (നിസ്സഹായൻ) ഉള്ളവനുമായിരിക്കെ, ഇത്ര വലിയ ഒരു മലയെ എടുത്തുയർത്തി, അതിനെ തച്ചുതരിപ്പണമാക്കി കാറ്റിൽപ്പറത്താൻ എനിയ്ക്കെങ്ങനെ സാധിച്ചു?"

അപ്പോൾ ദൈവം നമ്മോടു പറയും "എന്റെ കരുത്ത്, ഉണക്കക്കച്ചിത്തുരമ്പിനോട് ചേർത്തുവെയ്ക്കുമ്പോൾ, അതിനു മുമ്പിലുള്ള വലിയ മല ഒരു ചെറിയ അണുവോളമായി ചുരുങ്ങും. പക്ഷേ ഇപ്പോൾ നിങ്ങൾ ബലഹീനനും, നിസ്സഹായനും ആയിരിക്കേ, നിങ്ങൾ ആശ്രയം അന്വേഷിച്ച് എന്റെ അരികിലേക്കു വന്നു; നിങ്ങൾ വിധേയത്വവും, കടപ്പാടും എന്നോടുമാത്രം കാണിച്ചു. എന്നെ മാത്രം ആശ്രയിച്ചുകൊണ്ട് നിങ്ങൾ നിങ്ങളുടെ മുന്നിലുള്ള ശത്രുവിനെ നേരിട്ടു. ഞാൻ നിങ്ങളുടെ ഒപ്പമുണ്ട് എന്നും, എല്ലാം കാണുന്നുണ്ട് എന്നും, എല്ലാറ്റിനേയും അധീനപ്പെടുത്തുന്നവനാണ് എന്നും നിങ്ങൾ പൂർണ്ണമായി വിശ്വസിച്ചു. ഈ ഒരൊറ്റക്കാരണത്താൽ ഞാൻ നിങ്ങളുടെ ബലഹീനതയെ നിങ്ങളുടെ കരുത്താക്കി മാറ്റി. ഞാൻ നിങ്ങളിൽ നിന്നും എല്ലാം സ്വീകരിച്ചിരിക്കുന്നു. ഞാൻ നിങ്ങളോട് കടപ്പെട്ടിരിക്കുന്നു. പക്ഷേ, വാസ്തവം ഞാൻ (ദൈവം) തന്നെയാണ് എല്ലാം ചെയ്തത്. ആയതിനാൽ ഞാൻ എന്റെ ഭക്തദാസന്മാർക്ക് കരുത്തു നല്കുകയും മാർഗ്ഗദർശനം നല്കുകയും ചെയ്യുന്നു. അങ്ങനെ എന്റെ അനുഗ്രഹവും മാർഗ്ഗദർശനവും മുഖേന അവർ അവരുടെ ശത്രുവിനെ തുരത്തിയോടിക്കും. ഞാൻ അതവരിൽ നിന്ന് സ്വീകരിക്കുകയും, അവരോട് കടപ്പെട്ടിരിക്കുകയും ചെയ്യും. അവർക്കു വേണ്ടി മാത്രമാണ് ഞാനിത് (ഈ സവിശേഷഗുണം) ആരോപിക്കുന്നത് (ബന്ധപ്പെടുത്തിപറയുന്നത്) മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഞാനവർക്ക് എണ്ണമറ്റ അനുഗ്രഹങ്ങളും, പ്രയോജനങ്ങളും, പാരിതോഷികമായി

നല്കും. ഞാൻ അവരുടെ സ്തുതിഗീതങ്ങളും, പ്രശംസാവചനങ്ങളും ആയിരമായിരം ഭാഷകളിൽ പ്രഘോഷിക്കും. ഞാനവരുടെ പേരിൽ സാക്ഷ്യപ്പെടുത്തും. (അവരെക്കൊണ്ട് സത്യം ഇടും) സൃഷ്ടിജാല ങ്ങൾക്കായി ഞാൻ നല്കുന്ന ഓരോ ഔദാര്യവും യഥാർത്ഥത്തിൽ അവരോടുള്ള സ്നേഹ പ്രകടനത്തിന്റെ അടയാളമായിട്ടായിരിക്കും നല്കപ്പെടുക. ശത്രുക്കൾക്ക് നേരെ ഞാൻ കാണിക്കുന്ന, പ്രകടിപ്പി ക്കുന്ന ഓരോ കോപവും, അവർക്ക് ഞാനേല്പിക്കുന്ന ഓരോ ശിക്ഷ യും, എന്റെ ഭക്തദാസന്മാർക്കു വേണ്ടി ഞാൻ എടുക്കുന്ന പ്രതി കാര നടപടിയായിരിക്കും. അവർക്ക് സഹായം നല്കുന്നത് എനിയ്ക്ക് സഹായം നല്കുന്നതിന് (എന്നെ സഹായിക്കുന്നതിന്) സമം.

അവരെ കണ്ടവർ എന്നെ കണ്ടു. ആര് അവരെ ആക്രമിക്കു ന്നുവോ, അവൻ എന്നെയാണ് ആക്രമിക്കുന്നത്. ആര് അവരെ തെരെ ഞ്ഞെടുക്കുന്നുവോ, അവൻ എന്നെ തെരെഞ്ഞെടുത്തു. അവരോടുള്ള അവരുടെ സൗഹൃദം, എന്നോടുള്ള സൗഹൃദമത്രേ. അവരോടുള്ള വിദ്വേഷം എന്നോടുള്ള വിദ്വേഷവും. നിന്നെ കണ്ടതാരാണോ, അവൻ എന്നെ കണ്ടിരിക്കുന്നു. ആര് നിന്നെ ആക്രമിക്കുന്നുവോ, അവർ എന്നെ ആക്രമിക്കുന്നു. ഞാൻ ക്ഷമിക്കുന്നതും കരുണ ചെയ്യു ന്നതും. അവരെ പ്രീതിപ്പെടുത്തുന്നതിനും, സംതൃപ്തരാക്കുന്നതിനും വേണ്ടിയത്രേ. ആർക്കു നരകശിക്ഷയ്ക്കും ഭയാനകമായ വേദ നയ്ക്കും എന്റെ കോപം കാരണമാകുന്നുവോ അത് അവർ എന്റെ ഭക്തദാസരെ വേദനിപ്പിച്ചതിനുള്ള മറുപടിയത്രേ. കാരണം ഞാൻ അല്ലാഹു (ദൈവം) ആകുന്നു. എനിയ്ക്ക് എതിരാളികളില്ല. എനിക്ക് സമനായി (തുല്യനായി) ആരുമില്ല. ഞാൻ ദാസന്മാരെ സൃഷ്ടിക്കുക യും, എന്റെ അരികിലേക്ക് വരാൻ അനുവദിയ്ക്കുകയും ചെയ്തിരി ക്കുന്നു. അങ്ങനെ അവർ എന്റെ അസ്തിത്വത്തിന്റെ പ്രതിഫലനമായി മാറുന്നതിനു വേണ്ടി അവരുടെ ഇടയിലെ കണ്ണികളെ വിശദീകരി ക്കുവാൻ ആർക്കും സാധിക്കുകയില്ല. കാരണം അവരെ തമ്മിൽ വേർതിരിച്ചെടുക്കാൻ കഴിയില്ല എന്നതുതന്നെ. അവരുടെയിടയിൽ മറ്റു ചിലരുണ്ട്. എന്നെ എതിർക്കുകയും ശത്രുത പുലർത്തുകയും ചെയ്ത ചിലർ. അവരോട് ആര് ശത്രുത പുലർത്തുകയും, എതിർക്കുകയും ചെയ്യുന്നുവോ അവരെന്നോടാണ് ശത്രുത പുലർത്തുന്നതും എ തിർക്കുന്നതും, എന്നെയാണ് അവർ ആക്രമിക്കുന്നത്.

“അല്ലാഹുവിന്റെ ചങ്ങാതിയാകണമെന്നും, അവനോട് സംസാ രിയ്ക്കണമെന്നും ആഗ്രഹിക്കുന്നവർ അല്ലാഹുവിന്റെ ദൂതന്റെ അരി

കിലേക്ക് പോയേ തീരു. ദൈവത്തിന്റെ ചങ്ങാത്തം നേടാനാഗ്രഹിക്കുന്നവൻ ദൈവദൂതനോട് ചങ്ങാത്തം കൂടിയേ തീരു"

മാരകവൈറസ് എന്ന ഈ ശത്രുവിനെ സംബന്ധിച്ച് സർവ്വശക്തനായ അല്ലാഹു, വർഷങ്ങൾക്കുമുമ്പേ തന്നെ–ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ വെളിപ്പെടുത്തിത്തരികയുണ്ടായി. വൈദ്യശാസ്ത്രം വിവിധ രാജ്യങ്ങളിൽ ഇത് പ്രത്യക്ഷപ്പെടുന്നതിന്റെ സാധ്യതയെപറ്റി പ്രവചിക്കുന്നതിനു മുമ്പ് തന്നെ, ഇതു സംബന്ധിച്ച് താക്കീത് ഞാൻ നല്കിയിരുന്നു.

കൊറോണാവൈറസ് എന്ന വിഷയത്തെപ്പറ്റി സംസാരിക്കുമ്പോൾ തന്നെ, അൽഹംദുലില്ലാഹ്, ഞാൻ ഒരു കാര്യം പങ്കുവെയ്ക്കാനാഗ്രഹിക്കുന്നു. ഇന്നലെ അതായത് 02 ഏപ്രിൽ 2020 മൗറിഷ്യസ് സമയമനുസരിച്ച്, രാവിലെ 2020 മാർച്ച് 31ന് ഞാൻ ലോകജനതയ്ക്ക് ഈ മാരകവൈറസിനെപ്പറ്റി നല്കിയ ഒരു സന്ദേശം നമ്മുടെ സഹീഹിൽ ഇസ്ലാം ചാനലിൽ ഔദ്യോഗികമായി അയയ്ക്കുകയുണ്ടായി. ആ സമയത്ത് മൗറിഷ്യസിൽ 7 കൊറോണാ മരണങ്ങളും 161 കോവിഡ്–19 പോസിറ്റീവ് കേസുകളുമുണ്ടായിരുന്നു. ഈ നമ്പരുകൾ ചേരുന്നത് എന്റെ ജനനത്തീയതിയാണ് എന്നത് എനിക്ക് കൗതുകകരമായി തോന്നി. (07/01/61)

ഇതൊരു വെളിപാടാണ് എന്നല്ല ഞാൻ പറഞ്ഞത്. കാണുന്നതെല്ലാം വെളിപാടിന്റെ ലേബലിൽ വെക്കരുത്. വെളിപാടല്ലാത്തത്, ഒരിയ്ക്കലും വെളിപാടാണ് എന്ന് ഞാൻ പറയുകയില്ല. ചിന്തിയ്ക്കാൻ വേണ്ടി പറഞ്ഞു എന്നു മാത്രം. വൈകുന്നേരം ആയപ്പോഴേക്കും പോസിറ്റീവ് കേസുകളുടെ എണ്ണം 169 ആയി ഉയർന്നു. ലോകമെമ്പാടും പോസിറ്റീവ് കേസുകളുടെ എണ്ണം കൂടിക്കൂടി വരികയാണ്. എണ്ണം ഇപ്പോൾ 10 ലക്ഷത്തിൽ അധികമായിരിക്കുന്നു. മരണം 53000 ത്തിനുമുകളിലും.

2020 മാർച്ച് 24 വൈകിട്ട് 5.20നോട് അടുത്ത് എനിക്ക് ഒരു വലിയ ഭൂമിക്കുലുക്കം സംബന്ധിച്ച വെളിപാട് ലഭിക്കുകയുണ്ടായി. (കഴിഞ്ഞാഴ്ച വെള്ളിയാഴ് ഖുത്തുബയിൽ 2020മാർച്ച് 27ന് രാവിലെ ലഭിച്ച വെളിപാടിനെ സംബന്ധിച്ച് സൂചിപ്പിച്ചിരുന്നു) ആ വെളിപാടിൻ പ്രകാരം അല്ലാഹു എനിക്ക് ഇനി പറയുന്ന കാര്യങ്ങൾ അറിയിച്ചു തന്നിരിക്കുന്നു.

ആ ഭൂമികുലുക്കം ആൾനാശമുണ്ടാക്കും. ഗ്രാമങ്ങളും വയലേലകളും നശിപ്പിക്കും. അത് സഞ്ചാരികൾക്ക് വമ്പിച്ച ദുരിതങ്ങൾ വരു

ത്തും. ഭൂമികുലുക്കം അനുഭവിച്ച് അന്തംവിട്ടുപോകുന്ന ആൾക്ക് എന്തുചെയ്യണമെന്ന തിരിച്ചറിവ് നഷ്ടപ്പെട്ടുപോകും. യാത്രക്കാരെയും വഹിച്ചു പോകുന്ന കപ്പലുകളും, ബോട്ടുകളും ഗതി മാറി സഞ്ചരിക്കും. അപകടങ്ങൾ ഒഴിവാക്കുന്നതിനു വേണ്ടിയാണിത്. ഭൂമിയിൽ ഏതാണ്ട് എല്ലായിടത്തും ഗർത്തങ്ങൾ രൂപപ്പെടും. നദികൾ ചോരപ്പുഴകളായി മാറും.

കൊറോണ വൈറസ്/കോവിഡ്–19 ബാധിച്ച പോലെ ലോകം ഒന്നായി ആവരണം ചെയ്യപ്പെടും. വലിപ്പച്ചെറുപ്പമോ, സാമ്പത്തിക കയറ്റിറക്കമോ പരഗണിക്കാതെ.

കൂടാതെ എല്ലാ മനുഷ്യരും, ഗവൺമെന്റുകളും, അതിനാൽ വളരെയധികം കഷ്ടതകളുനഭവിക്കുകയും, ബുദ്ധിമുട്ടുകയും ചെയ്യുന്നതാണ്.

ഒരു ആഗോളവിപത്ത്, (ഒരു തീപ്പിടുത്തം) ലോകരാജ്യങ്ങളെ വലയം ചെയ്യുന്നതിന്റെ സൂചനയാണ് ഈ വെളിപാടിൽ അടങ്ങിയിരിക്കുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വെളിപാടിൽ ഭൂമികുലുക്കത്തെപ്പറ്റി പറയുന്നതുപോലെ തോന്നുന്നു എന്നത് ശരിയാണ്. ഭൂമികുലുക്കം പോലെയുള്ള ഒരു വിപത്ത് മുഴുലോകത്തിലും പടർന്ന് പിടിക്കും. അത് സൂചിപ്പിക്കുന്നത് ഭൂമികുലുക്കത്തേക്കാൾ വലിയ എന്തോ ഒന്നിനെയാണ്. ഭൂമികുലുക്കം പ്രാദേശികമായി സംഭവിക്കുന്നവയാണ് ആഗോളമായിട്ടല്ല. ഈ ദുരന്തം (വിപത്ത്) ആഗോളതലത്തിലുള്ള ഒന്നായി മാറും.

സഞ്ചാരികൾക്ക് ബദ്ധപ്പാട് വർദ്ധിപ്പിക്കുന്ന ഒന്നാവും ഇത് എന്നത് യുദ്ധത്തിന്റെ സാധ്യതയിലേക്കല്ല മറിച്ച് ഭൂമികുലുക്കത്തിന്റെ സാധ്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. എന്തായാലും കാലാവസ്ഥ യാത്രയ്ക്ക് അനുകൂലമായതായിരിക്കില്ല. സാധാരണ ഗതിയിലുള്ള കടൽമാർഗ്ഗവും റോഡുമാർഗ്ഗവവും ദുഷ്കരമായിരിക്കും. അപകടം നിറഞ്ഞതുമായിരിക്കും.

ആയതിനാൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ നിന്നും ദൂരപ്പെട്ടു നില്ക്കുന്നവർ നമ്മിൽപ്പെട്ടവരല്ല. നിങ്ങൾ ധനികരോ പാവപ്പെട്ടവരോ ആയിക്കൊള്ളട്ടെ, ഓർക്കുക, ഈ ലോകം വിട്ടുപോകുമ്പോൾ നാമൊന്നും, നമ്മോടൊപ്പം ഒന്നും കൊണ്ടു പോകില്ല. നമ്മൾ ചെയ്ത നല്ല പ്രവൃത്തികളും, നമ്മുടെ വിശ്വാസവും അല്ലാതെ. ദൈവീക വിളി കേൾക്കൂ. ദൈവം നിങ്ങളെ സ്വീകരിയ്ക്കട്ടെ.

2020 മാർച്ച് 29ന് വൈകുന്നേരം ഞാൻ എന്റെ ഓഫീസിൽ ദീനീപ്രവർത്തനങ്ങളിൽ മുഴികിയിരിക്കുന്ന വേളയിൽ ചില നല്ല വചനങ്ങൾ എന്റെ നാവിലൂറി വന്നു. എനിയ്ക്ക് എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാക്കുവാൻ ഞാൻ പ്രയാസപ്പെട്ടു. നന്നായി ചൂടനുഭവപ്പെട്ടതിനാൽ ഫാൻ ഓൺ ചെയ്തു. കുറച്ചു നിമിഷങ്ങൾ കഴിഞ്ഞപ്പോൾ മഴവർഷിക്കും പോലെ വെളിപാടുകൾ എന്നിലേക്ക് വന്നു. അൽഹംദുലില്ലാഹ്!

## വെളിപാടുകൾ/REVELATIONS

പാപിയായതിന്റേയും, കൃതഘ്നതകാട്ടിയതിന്റേയും, നിരുത്തരവവാദിത്തപരമായി പെരുമാറിയതിന്റേയും, അശ്രദ്ധ കാട്ടിയതിന്റേയും ഫലമായി, പ്രകൃതിയോ, ദൈവമോ നമ്മെ കഠിനമായി ശിക്ഷിക്കുകയോ പീഡിപ്പിക്കുകയോ ചെയ്താൽ പരാതിപ്പെടാനോ, കുറ്റം മറ്റൊരാളിൽ ആരോപിയ്ക്കാനോ നാം മുതരികുയില്ല.

നോക്കുക, ഇവിടെ (Nature) പ്രകൃതി എന്ന പദം ഉപയോഗിച്ചിരിക്കുന്നു. അത് ദൈവത്തിൽ വിശ്വസിക്കാത്തവർക്കു വേണ്ടിയാണ്. വിശ്വാസികളായ ജനങ്ങൾ സദാ ഓർക്കേണ്ട വസ്തുത, ഈ പ്രപഞ്ചത്തിൽ നടക്കുന്ന സർവ്വകാര്യങ്ങളും, ദൈവേച്ഛയ്ക്കും, കല്പനയ്ക്കും അനുസരിച്ച് മാത്രമായിരിക്കും എന്നതാണ്.

ഞങ്ങൾ സീനായ് മലയും ഹിറാ ഗുഹയും സന്ദർശിച്ചു. അപ്പോൾ ഒന്നും നമുക്കറിയില്ലായിരുന്നു. ഇത്തരം ഗൗരവമേറിയ വാർത്തകൾ വരുമെന്ന്. അല്ലാഹുവിന്റെ ഒരു ഭക്തദാസൻ എന്ന നിലയിൽ ദൈവീക സന്ദേശത്തെ അതിന്റെ ആഴവും പരപ്പും മാനിച്ച് എല്ലാവരിലും എത്തിയ്ക്കുക എന്നത് നമ്മുടെ കർത്തവ്യമാണ്. അതുകൊണ്ടാണ് നാം അതെത്തിച്ചത്.

അല്ലാഹു നമ്മുടെ സാക്ഷിയാണ്. സമൂഹത്തിൽ അന്തഃഛിദ്രം ഉണ്ടാക്കാതെയും ഓരോ രാജ്യത്തും നിലവിലിരിക്കുന്ന നിയമവും ചട്ടങ്ങളും പാലിച്ചുകൊണ്ടുമാണ് നാം നമ്മുടെ ചുമതലകൾ നിർവ്വഹിക്കുന്നത്. എന്നിരിക്കിലും നമ്മൾ എപ്പോഴും വിനയപൂർവ്വം അല്ലാഹുവിനോട് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നത്, നാഥാ! ഞങ്ങളെ (മാനവരാശിയെ) ശിക്ഷകളിൽ നിന്നും രക്ഷിക്കേണമേ! ഞങ്ങൾക്ക് നന്നാവുന്നതിനും മാനവരാശിയിൽ ഏറ്റവും നല്ലവരായി മാറുന്നതിനും അവസരം നല്കി അനുഗ്രഹിയ്ക്കേണമേ എന്ന്!

പ്രവചാകന്മാരായ ലൂത്ത്, നൂഹ് തുടങ്ങിയവരുടെ ചരിത്രം

ഓർമ്മിപ്പിക്കുന്നത് നമ്മൾ കടന്നുപോകുന്നത് അത്യന്തം ഗുരുതരമായ ഒരു കാലഘട്ടത്തിലൂടെയാണ് എന്നത്രേ. അങ്ങേയറ്റം ഗുരുതരമായത് എന്തോ സംഭവിക്കും എന്നുറപ്പിക്കുന്ന സന്ദേശങ്ങൾ അല്ലാഹുവിൽ നിന്നും വന്നുകൊണ്ടിരിക്കുന്നു. ഇതൊഴിവാക്കുന്നതിന് നമുക്ക് നമ്മെ ആശ്ചര്യപ്പെടുത്തുന്ന ഒന്ന് ചെയ്തേപറ്റൂ. അത് അല്ലാഹുവിന്റെ സംരക്ഷണ വലയത്തിൽ ആവുക എന്നതത്രേ. ഒരു **Protection Countdown** ആണ് നമ്മുടെ മുന്നിലുള്ള ഏകപോംവഴി. (സംരക്ഷണവലയത്തിലേക്ക് എത്തിച്ചേരാനുള്ള സമയസൂചികയായ കീഴ്പോട്ടെണ്ണൽ)

സംഭവിക്കുന്ന എല്ലാ കാര്യങ്ങളും, സമയബന്ധിതവും, മുൻകൂട്ടി തീരുമാനിച്ചവയുമത്രെ. സാങ്കേതികശാസ്ത്രം ഉപയോഗിച്ചുപറയുമ്പോൾ, അതു നമുക്ക് കൂടുതൽ വ്യക്തമാകും. പക്ഷേ പ്രതീക്ഷയും, ശുഭാപ്തിവിശ്വാസവും പ്രവർത്തനവും പ്രാർത്ഥനയോടൊപ്പം ചേർക്കുമ്പോൾ നമുക്ക് ഏതു കാര്യവും മാറ്റുന്നതിനോ, താസിപ്പിക്കുന്നതിനോ സാധ്യമാകുന്നു. ദൈവീക കല്പന അതുസംബന്ധമായി ലഭ്യമാകുന്നു.

അല്ലാഹു(ത) ഈ വീനിതനെ (അവന്റെ ഖലീഫത്തുല്ലാഹ്-യെ) "എല്ലാവരോടു സ്നേഹം ആരോടുമില്ല വെറുപ്പ് " എന്ന തത്ത്വവും പേറി ഭൂമിയിൽ സമാധാനം സ്ഥാപിക്കുന്നതിനും അതിനുവേണ്ടി പ്രവർത്തിക്കുന്നതിനുമായിട്ടാണ് നിയോഗിച്ചത്. ഭൂമിയിലെ എല്ലാ ഓരോ വ്യക്തിയേയും നമ്മുടെ വരും തലമുറകളേയും, പഠിപ്പിക്കുന്നതിനുവേണ്ടി, ഭൂമി രക്ഷിക്കുവാനും, അവിടെ സ്നേഹത്തിലും, ശാന്തിയിലും ഉറച്ച സാഹോദര്യം പടുത്തുയർത്തുന്നതിനും വേണ്ടി. അതൊരു വലിയ ഉത്തരവാദിത്തമാണ് ശരിക്കും, ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ-മഹത്തായ-ജോലി "അല്ലാഹുവേ! ഈ വിനീതദാസനെ സഹായിയ്ക്കേണമേ" ആമീൻ

അല്ലയോ എന്റെ പ്രീയപ്പട്ടമാനവസമൂഹമേ! നിങ്ങൾ ഒരു നിമിഷം ശ്രദ്ധിക്കൂ, നിങ്ങളുടെ എല്ലാ ബലഹീനതകളിൽ നിന്നും, രോഗങ്ങളിൽ നിന്നും നിങ്ങൾക്ക് സൗഖ്യം നല്കുവാനും, നിങ്ങളുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുവാനും സഹായിക്കുന്ന-നിങ്ങളെ അങ്ങേയറ്റം സ്നേഹിക്കുന്ന ഒരു ദൈവം നിങ്ങൾക്കുണ്ട്. **അവനെ നിങ്ങൾക്ക് സ്നേഹിച്ചുകൂടെ? അവനെ മാത്രം പ്രാർത്ഥിച്ചുകൂടെ? അവനെ മാത്രം അനുസരിച്ചുകൂടെ?**

ചുരുക്കത്തിൽ, ഈ വെളിപാടുകൾ എല്ലാം തന്നെ പരസ്പരപൂരകങ്ങളാണ്. ശത്രുവിൽ നിന്നും എങ്ങനെ രക്ഷനേടണം, അവനെ

എങ്ങനെ തരണം ചെയ്യണം എന്നതുസംബന്ധമായി അല്ലാഹു അവന്റെ തെരെഞ്ഞെടുക്കപ്പെട്ട ഭക്തദാസനും, മാനവരാശിക്കും നല്കുന്ന മാർഗ്ഗദർശനങ്ങളുടെ ഇടമുറിയാത്ത കണ്ണികളാണ് ഈ വെളിപാടുകൾ. ഈ ശത്രുഎന്നത് ഒരു വൈറസോ, മനുഷ്യനോ, പൈശാചിക ശക്തിയോ എന്തുമാകാം. അതിനെല്ലാമുള്ള പരിഹാരം അല്ലാഹു നമുക്ക് നല്കിയിരിക്കുന്നു. അത് പ്രാർത്ഥനയിലാണ്. അവന്റെ കല്പനകൾ വിശുദ്ധഖുർആനിലൂടെ നല്കിയിരിക്കുന്നത് അക്ഷരം പ്രതിപാലിക്കുന്നതിലൂടെയാണ്. തിരുനബി(സ) യുടെ തിരു സുന്നത്ത് പിന്തുടരുന്നതിലൂടെയാണ്. (വിശുദ്ധഖുർആൻ മാനവരാശിക്കുവേണ്ടിയുള്ളതും വിശുദ്ധ നബികരിം മുഹമ്മദ് (സ) മാനവ കുലത്തിന്റെ പ്രവാചകനുമാണ്)


അല്ലാഹുവിന്റെ കരുത്തേറിയ സഹായമില്ലെങ്കിൽ നാമെല്ലാവരും നിസ്സഹായകരാണ്. എന്നാൽ അവന്റെ സഹായവും സംരക്ഷണവലയവും ഉണ്ടെങ്കിൽ നാം ആത്മീയമായി കരുത്തുറ്റവരായി മാറുന്നു. വിശുദ്ധഖുർആനിലും, തിരുസുന്നത്തിലൂടെയും അല്ലാഹു പിന്തുണച്ച പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിലൂടെയും, അവരവരുടെ രാജ്യങ്ങളിലെ യഥാർത്ഥ പൗരന്മാരായി വർത്തിക്കുന്നതിലൂടെയും, നമ്മുടെ തന്നെ നന്മയ്ക്കായി നിയമങ്ങൾ പാലിക്കുന്നതിലൂടെയും, അല്ലാഹുവിലുള്ള അടിയുറച്ച വിശ്വാസവും, പ്രാർത്ഥനയും ആയുധമാക്കിയതിലൂടെയും, മാതൃകാ മുസ്ലിംകളും, മാതൃകാപൗരന്മാരും ആയി വർത്തിക്കുന്നതിലൂടെയും, നമ്മൾ ലോകത്ത് എവിടെ ആയിരിക്കിലും, അവിടെയെല്ലാം ഇസ്ലാമിന്റെ മൂല്യവും അന്തസ്സും ഉയർത്തുന്നവരായി വർത്തിക്കും. അവിശ്വാസികൾ പോലും ശുചിത്വം, (സിദ്ധൗഷധങ്ങൾ) പ്രവചിതമായ പരിഹാരമാർഗ്ഗങ്ങൾ, മുഖപടം അണിയൽ എന്നീ വിഷയങ്ങളിലെ ഇസ്ലാമിന്റെ മേന്മകൾ അംഗീകരിക്കുന്നതിന് നിർബന്ധിതരാകും. മുഖപടമണിയുന്നതിനെ വിമർശിക്കുകയും, അതിനെതിരെ വിലക്ക് പുറപ്പെടുവിക്കുകയും ചെയ്ത അവർ, ഇതാ ഇപ്പോൾ മാസ്ക്കുകൾ അണിയുവാൻ നിർബന്ധിതരായിരിക്കുന്നു. അത് തങ്ങളെ ശാരീരികമായി സംരക്ഷിക്കുവാൻ വേണ്ടി. ഇത് വാസ്തവത്തിൽ മുഖപടമണിയുന്നതിനു തുല്യമാണല്ലോ. (മുഖപടമണിയുമ്പോൾ, വായും മൂക്കും മറയ്ക്കപ്പെടുന്നതുപോലെ തന്നെ മാസ്ക്ക് ധരിക്കുമ്പോഴും വായും മൂക്കും മറയ്ക്കപ്പെടുന്നു) അതുപോലെതന്നെ അവർ ധരിയ്ക്കുന്ന നീളൻ കുപ്പായം!! എന്തൊരു വൈരുദ്ധ്യം! ഒന്നാമത്തെ മുൻകടന്ന് രണ്ടാമൻ !!

മാനവരാശി തന്റെ നീണ്ട മയക്കം വിട്ടുണരുകയും, തന്റെ പാപ

പ്രവൃത്തികൾ വിട്ട്, പങ്കുകാരെ വയ്ക്കാതെ ഏകദൈവമെന്ന പാശത്തെ മുറുകെപ്പിടിക്കുകയും ചെയ്യേണമേ എന്നു ഞാൻ പ്രാർത്ഥിക്കുകയാണ്.

പ്രതിരോധമാർഗ്ഗങ്ങളെയും ദുആകളെയും കുറിച്ച് സംസാരിക്കുമ്പോൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഒരംഗത്തിന് ഇന്നലെ (2 ഏപ്രിൽ 2020) സ്വപ്നദർശനമുണ്ടായതും സ്വപ്നത്തിൽ വിശുദ്ധഖുർആനിലെ ചില പ്രത്യേക സൂറത്തുകൾ ഓതുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിച്ചതും സൂചിപ്പിക്കുകയാണ്. 12 മുതൽ 15വരെ ഖുർആനിലെ അധ്യായങ്ങളുടെ പേരുകൾ പരാമർശിയ്ക്കപ്പെട്ടു. സ്വപ്നത്തിൽ സൂറത്തുകൾ ഓതിക്കൊടുത്ത വ്യക്തി, പറഞ്ഞുകൊടുത്ത സൂറത്തുകളിൽ ഈ ജമാഅത്ത് അംഗം മറന്നുപോയ സൂറത്തുകൾ വീണ്ടും ഓതിക്കേൾപ്പിക്കുകയും, പിന്നീട് വിരലുകളിൽ എണ്ണി അവയുടെ എണ്ണം ഉറപ്പിക്കുകയുമുണ്ടായി. നന്നായി ഓർത്തിരിക്കുന്നതിനു വേണ്ടി ആയിരുന്നു ഇത്. അങ്ങനെ പരാമർശിയ്ക്കപ്പെട്ട അധ്യായങ്ങളിൽ ചിലത് സൂറ അൽ ഫാത്തിഹ-7 തവണ, സൂറാ അൽ ലഹബ്, സൂറ-അൽഫീൽ, സൂറ അൻ നസ്ർ, സൂറ അൽ അസർ തുടങ്ങിയവയും മറ്റുള്ളവയുടെ കൂട്ടത്തിൽ സൂറ അൽ കാഫിറൂൻ, അൽ ഇഖ്ലാസ്, അൽ ഫലഖ്, അന്നാസ് എന്നിവയും ആയിരുന്നു.

അല്ലാഹു നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്, നമുക്ക് അവനിലേക്ക് തിരിഞ്ഞ്, അവനെ ശ്രദ്ധയോടെ കേൾക്കാം. ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നും നമുക്കവനെ ആരാധിയ്ക്കാം. നമ്മളെ വിപത്തുകളിൽ നിന്നും സംരക്ഷിച്ചുകഴിയുമ്പോൾ അവനെ നമുക്ക് ഉപേക്ഷിച്ചു കളയാതിരിക്കാം. കഷ്ടതയും ദുരിതവും അനുഭവിക്കുമ്പോഴും നമുക്ക് അവനെ സ്തുതിച്ചു കൊണ്ടിരിക്കാം. നമുക്ക് സഹനം കൈക്കൊള്ളാം. പരിശുദ്ധിയും ആത്മാർത്ഥതയും നിറഞ്ഞ ഹൃദയത്തോടെ അല്ലാഹുവിലേക്ക് മടങ്ങിയാൽ സംതൃപ്തിയുടെ നാളുകൾ വിദൂരത്താവില്ല. ഇൻശാ അല്ലാഹ്! ആമീൻ.



***Translated By :***
***Mukarram R. Jamaludin Raother***
***Fauzia Jamal Zain & Fazil Jamal***
***Issued By :***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***